## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 778** **29/10/2019 ൽ മറുപടിക്ക്**

## ശബരിമല ഭക്തർക്ക് കൂടുതൽ സൗകര്യങ്ങൾ

**ചോദ്യം**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**മറുപടി**

**കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ വർഷത്തെ മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിൽ എത്തുന്ന ഭക്തർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുവാൻ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) യും (ബി) യും | 2019-20 വർഷത്തെ മണ്ഡല-മകരവിളക്കിനോടനുബന്ധിച്ച് ശബരിമലയിലെത്തുന്ന അയ്യപ്പഭക്തർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കാൻ സർക്കാരിലെ വിവിധ വകുപ്പുകളും ദേവസ്വം ബോർഡും നടപടികൾ സ്വീകരിച്ചുവരുന്നു. ബേസ് ക്യാമ്പായ നിലയ്ക്കലിൽ 1000 വാഹനങ്ങളുടെ അധിക പാർക്കിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ട്. സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതാണ്. ഭക്തജനങ്ങൾക്ക് സുഗമമായ ദർശനത്തിനുള്ള എല്ലാ ക്രമീകരണങ്ങളും പോലീസ് വകുപ്പുമായി ആലോചിച്ച് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ബേസ് ക്യാമ്പായ നിലയ്ക്കലിൽ തീർത്ഥാടകരുടെ വാഹന പാർക്കിംഗിനും വിരി വയ്ക്കുന്നതിനും കഴിഞ്ഞ വർഷത്തേക്കാൾ എന്തൊക്കെ അധിക സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | തിരക്ക് നിയന്ത്രിക്കുവാൻ പുതിയ ഓൺലൈൻ സംവിധാനം കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | തീർത്ഥാടകരുടെ തിരക്ക് നിയന്ത്രിക്കുവാൻ പുതിയ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ശബരിമലയ്ക്ക് സർക്കാർ നൽകുന്ന ധനസഹായം ബാങ്കിൽ പ്രത്യേക അക്കൗണ്ടായി സൂക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ഡി) | ശബരിമലയ്ക്ക് സർക്കാർ നൽകുന്ന ധനസഹായം പ്രത്യേക അക്കൗണ്ടായി ബാങ്കിൽ സൂക്ഷിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടി എടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച 100 കോടി രൂപയിൽ ഇതിനകം എത്ര തുക ലഭിച്ചുവെന്നും ഈ തുക എന്നാണ് ലഭിച്ചതെന്നും അറിയിക്കാമോ? | (ഇ) | സ.ഉ(സാധാ) നമ്പർ 2219/2019/റവ തീയ്യതി 13.08.2019 പ്രകാരം 30 കോടി രൂപ ആദ്യഗഡുവായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ